# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 13-12-2013

## വാഗ്ദാനലംഘനത്തിനെതിരെ
## അധ്യാപക പ്രതിഷേധമിരമ്പി

യു.ഡി.എഫ് സർക്കാരിന്റെ വാഗ്ദാനലംഘനത്തിനെതിരെ കെ എസ് ടി എ യുടെ നേതൃത്വത്തിൽ അധ്യാപകർ ഡി പി ഐ- ഡി ഡി ഇ ഓഫീസുകളിലേക്ക് മാർച്ച് നടത്തി. തിരുവനന്തപുരത്ത് ഡി.പി.ഐ ഓഫീസിനു മുന്നിൽ നടന്ന ധർണ്ണ ജനറൽ സെക്രട്ടറി എം.ഷാജഹാൻ ഉദ്ഘാടനം ചെയ്തു. അധ്യാപക-വിദ്യാർത്ഥി അനുപാതത്തിൽ കുറവ് വരുത്താതെ തൊഴിൽ സുരക്ഷ അട്ടിമറിക്കാനാണ് യു.ഡി.എഫ് സർക്കാർ ശ്രമിക്കുന്നതും പൊതുവിദ്യാഭ്യാസത്തെ തകർക്കാൻ എല്ലാ നടപടികളും കൈക്കൊണ്ട സർക്കാർ നടത്തുന്ന ഏറ്റവും ഒടുവിലത്തെ ശ്രമമാണിതെന്നും അദ്ദേഹം പറഞ്ഞു.

വിദ്യാഭ്യാസ അവകാശനിയമത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ഗുണകരമായ വിധത്തിൽ അധ്യാപക- വിദ്യാർത്ഥി അനുപാതം കുറയ്ക്കാനുള്ള സാഹചര്യമാണ് സർക്കാർ നഷ്ടപ്പെടുത്തിയത്. തസ്തിക നഷ്ടപ്പെടുന്ന സർക്കാർ സ്കൂൾ അധ്യാപകരെയും അധ്യാപകബാങ്കിലേക്ക് മാറ്റുമെന്ന തീരുമാനവും പ്രതിഷേധാർഹമാണ്. സർക്കാർ സ്കൂളുകളിൽ എയ്ഡഡ് സ്കൂളുകളെപ്പോലെ തസ്തിക നഷ്ടപ്പെടുന്നവരെ അനുപാതം കുറച്ച് നിലനിർത്തില്ല. ഇത് കടുത്ത അനീതിയാണ്. ആയിരക്കണക്കിന് അധ്യാപകർ ജോലി നഷ്ടപ്പെട്ട് വഴിയാധാരമാകും. പി.എസ്.സി വഴി നിയമനം നടത്താനുള്ള സാധ്യത എന്നന്നേക്കുമായി അവസാനിപ്പിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. പൊതുവിദ്യാലയങ്ങളിൽ ഏറെയും എയ്ഡഡ് വിദ്യാലയങ്ങളാണ്. ഈ മേഖലയിൽ ആയിരക്കണക്കിന് അധ്യാപകരുടെ തൊഴിൽ നഷ്ടപ്പെടും. അധ്യാപക വിരുദ്ധ നിലപാട് തിരുത്താൻ സർക്കാർ തയ്യാറായില്ലെങ്കിൽ സർക്കാരിന്റെ പ്രവർത്തനങ്ങളിൽ സഹകരിക്കുന്ന കാര്യം പുനഃപരിശോധിക്കുമെന്ന് സർക്കാരിന് മുന്നറിയിപ്പ് നൽകി. തസ്തിക നഷ്ടപ്പെടുന്ന എല്ലാ അധ്യാപകരെയും സ്കൂളുകളിൽ നിലനിർത്തിയില്ലെങ്കിൽ അവരെ പങ്കെടുപ്പിച്ചുകൊണ്ട് അനിശ്ചിതകാല പ്രക്ഷോഭം നടത്തുമെന്നും അദ്ദേഹം പറഞ്ഞു.

ജില്ലാ പ്രസിഡന്റ് ബി.ബിജു അധ്യക്ഷത വഹിച്ചു. സംസ്ഥാന എക്സി. അംഗങ്ങളായ കെ.പി. സന്തോഷ്കുമാർ, എസ്.ശ്രീകുമാർ സംസ്ഥാന കമ്മിറ്റി അംഗങ്ങളായ പി.വി. രാജേഷ്, പി.അനിതകുമാരി, എൽ. പ്രേമലത, ജില്ലാ സെക്രട്ടറി സജീവ്ദത്ത് എന്നിവർ സംസാരിച്ചു.

കൊല്ലത്ത് സംസ്ഥാന വൈസ്പ്രസിഡന്റ് ഡി.വിമല, ആലപ്പുഴയിൽ സംസ്ഥാന സെക്രട്ടറി പി.ഡി.ശ്രീദേവി, പത്തനംതിട്ടയിൽ ഫ്രാൻസിസ് വി ആന്റണി, ഇടുക്കിയിൽ സംസ്ഥാന എക്സി.അംഗം പി.കെ.സുധാകരൻ, കോട്ടയത്ത് സംസ്ഥാന സെക്രട്ടറി ടി.എസ്.എൻ.ഇളയത്, എറണാകുളത്ത് സംസ്ഥാന എക്സി.അംഗം പി.എൻ. സജീവൻ, തൃശൂരിൽ സംസ്ഥാന എക്സി.അംഗം കെ.ബദറുന്നീസ, പാലക്കാട് സംസ്ഥാന പ്രസിഡന്റ് കെ.എൻ.സുകുമാരൻ, മലപ്പുറത്ത് സംസ്ഥാന സെക്രട്ടറി പി.പരമേശ്വരൻ, കോഴിക്കോട് മുൻ സംസ്ഥാന പ്രസിഡന്റ് കെ.ചന്ദ്രൻ, വയനാട് സംസ്ഥാന എക്സി.അംഗം കെ. മുരളീധരൻ, കണ്ണൂരിൽ സംസ്ഥാന വൈസ് പ്രസിഡന്റ് എൻ. ബാലകൃഷ്ണൻ, കാസർഗോഡ് സംസ്ഥാന എക്സി.അംഗം കെ.വി. ഗോവിന്ദൻ എന്നിവർ ഉദ്ഘാടനം ചെയ്തു.

**എം.ഷാജഹാൻ**

ജനറൽ സെക്രട്ടറി